# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിൻെറ പ്രതീകം

VOL. 20 No. 11 | PUBLISHED FROM DELHI | PRICE Rs. 3/- | NOVEMBER 2016


## ഐ.പി.സി.നോർത്തേൺ റീജൻ ജനറൽ കൺവൻഷൻ സമാപിച്ചു




പാസ്റ്റർ ജേക്കബ് ജോൺ സംയുക്താരാധനയിൽ സംസാരിക്കുന്നു

**ന്യൂഡൽഹി:** തലസ്ഥാന നഗരിയിൽ വർഷങ്ങളായി നടന്നുവരുന്ന ഏറ്റവും വലിയ പെന്തക്കൊസ്ത് സംഗമം ആയ ഇന്ത്യാ പെന്തെക്കൊസ്തൽ ചർച്ച് ഓഫ് ഗോഡ് നോർത്തേൺ റീജന്റെ 46–ാം ജനറൽ കൺവൻഷനും ശുശ്രൂഷക സമ്മേളനവും 2016 ഒക്ടോബർ 12 ബുധൻ മുതൽ 16 ഞായർ വരെ ജെണ്ടേവാല റാണി ജാൻസി റോഡിലുള്ള അംബേദ്കർ ഭവനിൽ വച്ച് നടന്നു.

റീജൻ പ്രസിഡന്റ് പാസ്റ്റർ സാമുവേൽ ജോൺ ഉദ്ഘാടനം ചെയ്ത് പ്രസ്തുത സമ്മേളനത്തിൽ പാസ്റ്റർ കെ. ജെ. തോമസ് (കുമളി), ജേക്കബ് തോമസ് (ഇറ്റാർ സി) എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു. ഇവരെ കൂടാതെ റീജനിലെ സീനിയർ ദൈവദാസന്മാരും ദൈവവചനം സംസാരിച്ചു.

12,13 തീയതികളിൽ പാസ്റ്റേഴ്സ് സെമിനാറും 14–ാം തീയതി ശുശ്രൂഷക സമ്മേളനവും നടന്നു. പാസ്റ്റർമാരായ സി.പി. ടൈറ്റസ്, പി.എം. ജോൺ, വി.റ്റി. തോമസ് തുടങ്ങിയവർ ശുശ്രൂഷക സമ്മേളനത്തിൽ ക്ലാസ്സുകൾ നയിച്ചു.

15ന് രാവിലെ സോദരി സമാജവും ഉച്ചകഴിഞ്ഞ് സൺഡേസ്കൂൾ, പി.വൈ. പി.എ. എന്നിവയുടെ വാർഷിക യോഗങ്ങളും നടന്നു. 16 ന് രാവിലെ 9 മണിമുതൽ നടന്ന സംയുക്താരാധനയിൽ ഐ.പി. സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ദൈവവചനത്തിൽ നിന്നും സംസാരിച്ചു. കർത്തൃമേശ ശുശ്രൂഷയോടുകൂടി കൺവൻഷൻ സമാപിച്ചു.

സിസ്റ്റർ പേർസിസ് ജോൺ നയിക്കുന്ന സയോൺ സിംഗേഴ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നും നേപ്പാളിൽ നിന്നുമുള്ള പാസ്റ്റർമാരും പ്രതിനിധികളും ഈ സമ്മേളനത്തിൽ പങ്കെടുത്തു.

## ബെഥേൽ ഗോസ്പൽ അസംബ്ലി 27–ാമത് ജനറൽ കൺവൻഷൻ 2017 ജനുവരിയിൽ

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി 27–ാമത് ജനറൽ കൺവൻഷൻ 2017 ജനുവരി 12 (വ്യാഴം) മുതൽ 15 (ഞായർ) വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടക്കുന്നതായിരിക്കും. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ ആകമാനം പടർന്നു കിടക്കുന്ന സഭയുടെ ആയിരങ്ങൾ പങ്കെടുക്കുന്ന പത്തനാപുരത്തെ ഏറ്റവും വലിയ ആത്മീയ സംഗമം ആയ ഈ മഹായോഗത്തിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ജനറൽ സെക്രട്ടറി പാസ്റ്റർ എം.ഒ.അനിയന്റെ നേതൃത്വത്തിൽ വിവിധ സെക്ഷൻ പ്രസ്ബിറ്റർമാരുടെ ചുമതലയിൽ നടന്നുവരുന്നു.

സഭാ ഓവർസീയർ ഡോ.ജോയി പി.ഉമ്മൻ ഉത്ഘാടനം ചെയ്യു ന്ന യോഗങ്ങളിൽ പാ സ്റ്റർമാരായ സാം ജോർജ്ജ്, മോനീസ് ജോർജ്ജ്, ബി. വർഗീസ്, രവി മാണി തുടങ്ങിയവർ ദൈവവചന പ്രഘോഷണം നിർവ്വഹിക്കും. വ്യാഴാഴ്ച രാവിലെ 10.30–ന് ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനത്തോടെ ആരംഭിക്കുന്ന യോഗം ഞായറാഴ്ച സഭായോഗത്തോടും കർത്തൃമേശയോടും കൂടി സമാപിക്കും. പകൽ മീറ്റിംഗുകളിൽ പാസ്റ്റർമാരായ അലക്സാണ്ടർ ഉമ്മൻ, സി.കെ.മാത്യു, ഏ.ജെ.ചാക്കോ, എം.ഒ. അനിയൻ, പി.റ്റി.മാത്യു, മിസ്സിസ് ഗ്രെയ്സ് ഉമ്മൻ, തുടങ്ങിയവർ ശുശ്രൂഷിക്കും.

ശനിയാഴ്ച രാവിലെ 9 മണിക്ക് സ്നാന ശുശ്രൂഷയും, 10 മുതൽ സഹോദരീസമ്മേളനവും നടക്കും. സഹോദരീ സമ്മേളനത്തിൽ മിസ്സിസ് ഗ്രെയ്സ് ഉമ്മൻ മുഖ്യ സന്ദേശം നൽകും. സഹോദരിമാരായ വത്സമ്മ മാത്യു, സൂസൻ അനിയൻ, ഏലിയാമ്മ ജോർജ്ജ് തുടങ്ങിയവർ നേതൃത്വം നൽകും. ഉച്ചയ്ക്ക് 3 മുതൽ സഭയുടെ സണ്ടേസ്കൂൾ– യുവജന സമ്മേളനം നടക്കും. പാസ്റ്റർമാരായ ബിജു മാത്യു, ഷിജു സി.ആർ, ബോവസ്, രാജീവ് തുടങ്ങിയവർ നേതൃത്വം നൽകും. കാൽവറി വോയ്സ് ഈ യോഗങ്ങളിൽ സംഗീത ശുശ്രൂഷ നിർവ്വഹിക്കും.






## റവ. ഡോ. കെ. ജി. ഈശോ നിത്യതയിൽ



1945– 2016

**മാവേലിക്കര:** സോൾ വിന്നേഴ്സ് ഇന്ത്യാ സ്ഥാപക പ്രസിഡന്റ് റവ. ഡോ. കെ.ജി. ഈശോ (71) ഒക്ടോബർ 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. 1945ൽ മാവേലിക്കര അറുന്നൂറ്റിമംഗലത്താണ് ജനനം.

പഠനത്തിനുശേഷം 1965–ൽ മധ്യപ്രദേശ് സർക്കാറിന്റെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ എഞ്ചിനിയറായി ജോലിയിൽ പ്രവേശിച്ചു. ജോലി സംബന്ധമായി 4500ഓളം ഗ്രാമങ്ങളിലൂടെ സഞ്ചരിച്ച അദ്ദേഹത്തിന് ഒരു ക്രിസ്ത്യാനിയെ പോലും കണ്ടെത്താൻ കഴിഞ്ഞില്ല. യേശുക്രിസ്തു എന്ന് കേട്ടിട്ടുപോലുമില്ലാത്ത ആ ഗ്രാമവാസികളെ ഓർത്ത് ആത്മഭാരത്തോടെ താൻ ആരംഭിച്ച സുവിശേഷ സംഘടനയാണ് സോൾ വിന്നേഴ്സ് ഇന്ത്യാ. ഭൗതിക ജോലിയിൽ ആയിരിക്കുമ്പോഴും അനേകരോട് സുവിശേഷം പങ്കുവയ്ക്കാനും ആത്മാക്കളെ നേടുവാനും സുവിശേഷ വേലയ്ക്ക് നേതൃത്വം കൊടുക്കുവാനും കഴിയും എന്ന് തന്റെ ജീവിതത്തിലൂടെ ദൈവദാസൻ തെളിയിച്ചു.

ഒക്ടോബർ 26ന് സംസ്കാര ശുശ്രൂഷ അറുന്നൂറ്റി മംഗലം ഐ.പി.സി. എബൻ ഏസർ സെമിത്തേരിയിൽ നടന്നു.

ഭാര്യ: അന്നമ്മ ഈശോ. മക്കൾ: ഡാനിയേൽ, ഷാജു, സന്തോഷ്.

## സർട്ടിഫിക്കേറ്റുകൾ വിതരണം ചെയ്തു

**ന്യൂഡൽഹി:** ഐ.പി.സി. നോർത്തേൺ റീജന്റെ സാമൂഹിക–സാമ്പത്തിക പദ്ധതികളുടെ ഭാഗമായ ജീവൻ ജ്യോതി തയ്യൽ പരിശീലന ക്ലാസ്സിൽ പഠനം പൂർത്തികരിച്ചവർക്ക് ഐ. പി.സി. എൻ ആർ. ശ്രീനിവാസപുരി സഭയിൽ വച്ച് നടന്ന ചടങ്ങിൽ റീജൻ അഡ്വൈസറി ബോർഡ് ചെയർമാൻ പാസ്റ്റർ സി.പി. ടൈറ്റസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്റർ ഫിലിപ്പോസ് മത്തായി അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ തോമസ് മാത്യു, ഐസക് വി. ജോൺ, ജോണി അസ്സീറിയ, കുരുവിള സാമുവേൽ എന്നിവർ പങ്കെടുത്തു. പാസ്റ്റർ ടി.എം. ജോസഫ് തയ്യൽ പരിശീലന കേന്ദ്രത്തിന് നേതൃത്വം വഹിക്കുന്നു.

### വിശ്വാസവീഥി യൂടൂബിൽ

വിശ്വാസവീഥി ടി. വി. പ്രഭാഷണം യൂടൂബിൽ കാണാൻ **Viswasaveedhi** എന്ന് ടൈപ്പ് ചെയ്യുക

## തിമഥി ഇൻസ്റ്റിട്യൂട്ട് ബൈബിൾ ക്വിസ്

**നെയ്യാററിൻകര:** തിമഥി ഇൻസ്ററിട്യൂട്ട് തിരുവനന്തപുരം ചാപ്ററർ ഒരുക്കുന്ന ബൈബിൾ ക്വിസ് മത്സരം ഡിസംബർ 18–ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്കു നടക്കും. നെയ്യാററിൻകര കൊററാമം ഹോളി ഫെലോഷിപ്പ് ചർച്ചിൽവച്ച് നടക്കുന്ന മത്സരത്തിൽ ബൈബിളിലെ 5 പുസ്തകങ്ങളിൽ നിന്നുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. യെശയ്യാവ്, യിരെമ്യാവ്, വിലാപങ്ങൾ, അപ്പൊസ്തലപ്രവൃത്തികൾ, റോമർ എന്നീ പുസ്തകങ്ങിൽ നിന്നുമാണ് ചോദ്യങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000, 1500 രൂപാ സമ്മാനമായി ലഭിക്കും. രണ്ടു പേരുള്ള ഒരു ടീമിന് 150 രൂപാ രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കും. പങ്കെടുക്കുവാൻ താത്പര്യമുള്ള ടീമുകൾ നവംബർ 30നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും വിളിക്കുക, പാസ്റ്റർ ജോൺ വെസ്ലി 9446613701, 9446319389

### *വിശ്വാസി* ഇ–മെയിൽ ആയി ലഭിക്കാൻ

*വിശ്വാസി* മാസിക പി.ഡി.എഫ് ആയി ഇ–മെയിൽ ലഭിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ഇ–മെയിൽ ഐഡി msamuelkutty@gmail.com എന്ന വിലാസത്തിൽ അയക്കുക

പത്രാധിപ ലേഖനം.......

# പത്രോസിന്റെ തള്ളിപ്പറച്ചിലും ചില ചിന്തകളും



സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ടത് മർക്കൊസിന്റെ സുവിശേഷമാണ്. അതിനു ശേഷമാണ് ബാക്കിയുള്ള സുവിശേഷങ്ങൾ എഴുതപ്പെട്ടത്. ചില ചരിത്രസംഭവങ്ങൾ എല്ലാ സുവിശേഷങ്ങളിലും കാണാൻ സാധിക്കുന്നില്ലെങ്കിലും യേശുക്രിസ്തുവിന്റെ ക്രൂശീകരണം നാലു സുവിശേഷ ലേഖകരും ആലേഖനം ചെയ്തിട്ടുണ്ട്. ക്രൂശിക്കപ്പെടുന്ന തിനുമുമ്പ് യേശു വ്യത്യസ്ത വിചാരണകൾ അനുഭവിച്ചു. മൂന്നെണ്ണം യഹൂദന്മാർക്കു മുന്നിലും മൂന്നെണ്ണം റോമൻ ഭരണാധികാരികൾക്കു മുന്നിലും.

സന്ധ്യയിൽ പിടിക്കപ്പെട്ട യേശുവിനെ ഒന്നാമതായി അവർ ഹന്നാസിന്റെ അടുക്കലെത്തിച്ചു. എന്നാൽ അവൻ യേശുവിനെ കയ്യഫാവിന്റെ അടുക്കൽ അയച്ചു. അവിടെ നിന്നും പ്രഭാതത്തിൽ സന്നിദ്രിമിന്റെ അടുക്കൽ കൊണ്ടുചെന്ന് കുറ്റക്കാരനെന്ന് വിധിച്ചു. വധശിക്ഷയ്ക്ക് വിധിക്കുവാൻ യഹൂദന്മാർക്ക് അനുവാദമില്ല. അതുകൊണ്ട് അവനെ ക്രൂശിക്കാനായി റോമൻ അധികാരികളുടെ അടുക്കൽ കൊണ്ടുചെന്നു. ആദ്യം അവനെ പീലാത്തോസിന്റെ അടുക്കൽ കൊണ്ടുവന്നു. എന്നാൽ അവനെ ഹേരോദാവിന്റെ അടുക്കൽ അയച്ചുകൊണ്ട് ഒരു തീരുമാനമെടുക്കുന്നതിൽ നിന്ന് അദ്ദേഹം ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചു. ഹേരോദാവ് യേശുവിൽ കുറ്റമൊന്നും കാണാഞ്ഞതിനാൽ തിരികെ പീലാത്തോസിന്റെ അരികിലേക്ക് മടക്കിയയച്ചു. ഒരു തീരുമാനമെടുക്കുന്നതിൽ നിന്ന് രക്ഷപ്പെടുവാൻ തനിക്ക് സാദ്ധ്യമല്ല എന്ന് മനസ്സിലായപ്പോൾ സന്നദ്രിം ആവശ്യപ്പെട്ടത് അവർക്ക് കൊടുക്കുകയും യേശുവിനെ കുരിശിൽ വധിപ്പാൻ വിധിക്കുകയും ചെയ്തു.

കയ്യഫിന്റെ മുമ്പിലുള്ള വിചാരണ സമയത്താണ് മുറ്റത്തുനിന്ന പത്രൊസ് മൂന്ന് പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞത്. എങ്ങനെയാണ് അത് സംഭവിച്ചത്? ഒന്നാമതായി, പത്രൊസ് കർത്താവിന്റെ മുന്നറിയിപ്പുകളെ ഗൗരവമായി എടുത്തില്ല (ലൂക്കൊസ് 22:31-34). ഗത്സമന തോട്ടത്തിൽ വച്ച് യേശു ഉണർന്ന് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടപ്പോഴും ചെയ്തില്ല. പട്ടാളക്കാർ യേശുവിനെ തോട്ടത്തിന് വെളിയിൽ കൊണ്ടുവന്നപ്പോൾ പത്രൊസ് ദൂരെ അവനെ അനുഗമിച്ചു. തന്റെ പരാജയത്തിലേക്കുള്ള അടുത്ത പടിയായിരുന്നു അത്. കാരണം യേശു പിടിക്കപ്പെട്ടപ്പോൾ താൻ കാവൽക്കാരോട് പറഞ്ഞത് ഈ ശിഷ്യന്മാർ പൊയ്ക്കൊള്ളട്ടെ എന്നായിരുന്നു. ആരും വിചാരണ സ്ഥലത്തേക്ക് തന്നെ അനുഗമിക്കേണ്ട എന്നതിനുള്ള വ്യക്തമായ അടയാളമായിരുന്നു അത്.

എന്നാൽ, പത്രൊസും യോഹന്നാനും പുരുഷാരത്തെ അനുഗമിച്ചു. കയ്യഫാവിന്റെ വീട്ടുമുറ്റത്തും അവർക്ക് പ്രവേശനം ലഭിച്ചു. അതൊരു തണുത്ത രാത്രിയായിരുന്നു. എങ്കിലും യേശു വിയർക്കുകയായിരുന്നു എന്നതാണ് സത്യം. പത്രൊസ് ആദ്യം തീക്കരികെ നിന്നു. എന്നിട്ട് ദാസന്മാരോടും ഉദ്യോഗസ്ഥന്മാരോടും കൂടെ ഇരുന്നു. തന്റെ സുഖത്തെപ്പറ്റി താൻ ചിന്തിക്കുമ്പോൾ തന്റെ ഗുരു പടയാളികളാൽ നിന്ദിക്കപ്പെടുകയായിരുന്നു. ഒന്നാമതായി മഹാപുരോഹിതന്റെ ദാസിയായ പെൺകുട്ടിയാണ് പത്രൊസിനെ വെല്ലുവിളിച്ചത്. താൻ യേശുവിനോട് കൂടെ ആയിരുന്നെന്നും, തന്റെ ശിഷ്യന്മാരിൽ ഒരുവൻ ആയിരുന്നുവെന്നും അവൾ വെളിപ്പെടുത്തി. എന്നാൽ പത്രൊസ് കള്ളം പറഞ്ഞു, സ്ത്രീയേ... ഞാൻ അവന്റെ ശിഷ്യന്മാരിൽ ഒരുവനല്ല; അവൻ തീയ്ക്കടുത്തുനിന്നും പൂമുഖത്തേക്ക് പോയി. അപ്പോൾ കോഴി ഒന്നാം പ്രാവശ്യം കൂകി(മർക്കൊസ് 14:68). ഇതു മുഖാന്തരം എങ്കിലും ഒരു മുന്നറിയിപ്പ് ലഭിക്കപ്പെട്ട പത്രൊസ് അവിടെ നിന്നും പുറത്തുകടക്കണമായിരുന്നു. എന്നാൽ അവൻ അവിടെ തങ്ങി. ആ ബാല്യക്കാരത്തി രണ്ടാമതും അവനെ കണ്ടിട്ട് അടുത്തു നിൽക്കുന്നവരോട് പറഞ്ഞു, ഈ മനുഷ്യൻ നസറായനായ യേശുവിനോടുകൂടെ ഉണ്ടായിരുന്നു. ഇവൻ അവരിൽ ഒരുവനാണ്. അവരുടെ മുന്നിൽ രണ്ടാം പ്രാവശ്യവും പത്രൊസ് കള്ളം പറഞ്ഞു, ഞാനല്ല, എനിക്ക് ആ മനുഷ്യനെ അറിയില്ല. അവർ അത് വിശ്വസിച്ചില്ല. ഏറെ നേരം കഴിഞ്ഞ് മറ്റൊരുവൻ, ഇവനും അവനോടു കൂടെയായിരുന്നു, സത്യം ഇവൻ ഗലീലാക്കാരനെപ്പോലെ സംസാരിക്കുന്നു. അപ്പോൾ പത്രൊസ് ആണയിട്ട് പറഞ്ഞു, ഞാൻ ആ മനുഷ്യനെ അറിയുന്നില്ല, നിങ്ങൾ എന്തു പറയുന്നു എന്നെനിക്കറിയുന്നില്ല. അപ്പോൾ കോഴി രണ്ടാം പ്രാവശ്യവും കൂകി. അങ്ങനെ കർത്താവിന്റെ മുന്നറിയിപ്പ് നിവൃത്തിയായി. ഈ സമയം യേശു അടുത്ത വിചാരണക്കുവേണ്ടി പോവുകയായിരുന്നു. അവൻ തിരിഞ്ഞ് പത്രൊസിനെ നോക്കി ആ നോട്ടം പത്രൊസിന്റെ ഹൃദയത്തെ തകർത്തു. അടുത്തു നിന്നവർ യേശുവിനെ നോക്കിയപ്പോൾ പത്രൊസ് വിട്ടുമാറി കയ്പ്പോടെ കരഞ്ഞു. കർത്താവിന്റെ നോട്ടം അവനെ മാനസാന്തരത്തിലേക്ക് നയിക്കുകയായിരുന്നു.

ആ പട്ടണത്തിൽ ഒരു കോഴിമാത്രം കൂകുകയും മറ്റു പക്ഷികൾ നിശബ്ദമായി ഇരിക്കുകയും ചെയ്തത് ഒരു അത്ഭുതമാണ്. പത്രൊസിനോടുള്ള ഒരു പ്രത്യേക സന്ദേശം കൂടിയായിരുന്നു അത്. കൂകുന്ന കോഴി എന്തു പ്രചോദനമാണ് പത്രൊസിനു നൽകിയത്?

ഒന്നാമതായി, തടവുകാരനായിരിക്കുമ്പോഴും യേശുക്രിസ്തുവാണ് ഇപ്പോഴും സകലത്തേയും നിയന്ത്രിക്കുന്നത് എന്ന ഉറപ്പ്. പിടിച്ചവരുടെ മുൻപിൽ നിസഹായനായി കെട്ടപ്പെട്ടു നിൽക്കുന്ന സമയത്തും കാറ്റിന്റേയും, കടലിന്റേയും, രോഗത്തിന്റേയും, മരണത്തിന്റേയും മേലും പരമാധികാരം കർത്താവിന് മാത്രം എന്ന ഉറപ്പ്. രണ്ടാമതായി തനിക്ക് ക്ഷമ ഉറപ്പാക്കുന്നതായിരുന്നു കോഴിയുടെ കൂകൽ. ദൈവവചനത്തിന് തികഞ്ഞ ശ്രദ്ധകൊടുക്കാതെ അനുസരണക്കേട് കാണിച്ച പത്രൊസ് കോഴി കൂകിയപ്പോൾ കർത്താവിന്റെ വചനം ഓർത്തു. അത് അവന് പ്രതീക്ഷ നൽകി. കാരണം മുന്നറിയിപ്പിന്റെ വചനം യഥാസ്ഥാനത്തിന്റെ വാഗ്ദത്തം കൂടിയായിരുന്നു. പത്രൊസ് തിരിഞ്ഞ്‌വന്ന് തന്റെ സഹോദരന്മാരെ ഉറപ്പിക്കേണ്ടവനുമായിരുന്നു.

ഒരു പുതിയ ദിനം ആരംഭിക്കുന്നു എന്നാണ് കോഴി കൂവിയതിൽ നിന്നും ലഭിക്കുന്ന സന്ദേശം. യൂദാസിനോ കർത്താവിന്റെ ശത്രുക്കൾക്കോ അതൊരു പുതിയദിനം ആയിരുന്നില്ല. എന്നാൽ പത്രൊസ് മാനസാന്തരപ്പെട്ട് കയ്പ്പോടെ കരഞ്ഞതിനാൽ അവന് അതൊരു വ്യത്യസ്ത ദിനമായിരുന്നു. തകർന്നു നുറുങ്ങിയിരിക്കുന്ന ഹൃദയത്തെ ദൈവമെ നീ നിരസിക്കയില്ല (സങ്കീ. 51-17). ഒരു പുരാതന എഴുത്തുകാരൻ പറയുന്നത് പിന്നീട് എവിടെ കോഴി കൂകുന്നത് കേട്ടാലും പത്രൊസ് കരഞ്ഞിരുന്നു എന്നാണ്, താൻ കർത്താവിനെ തള്ളിപ്പറഞ്ഞ രാത്രിയെക്കുറിച്ച് അത് അവനെ ഓർമിപ്പിച്ചിരുന്നു. ആ രാത്രിക്കു ശേഷം പിന്നീടൊരിക്കലും പത്രൊസ് യേശുവിനെ തള്ളി പറഞ്ഞിട്ടില്ല. നാം കർത്താവിന്റെ മുന്നറിയിപ്പുകളെ തിരസ്ക്കരിച്ചുകൊണ്ട് കർത്താവിന്റെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും പലപ്പോഴും തള്ളി പറയാറില്ലേ.. ഈ ചിന്തകൾ പത്രൊസിനെപ്പോലെ കയ്പ്പോടെ കരഞ്ഞു കൊണ്ട് ദൃഢമായ ഒരു മടങ്ങി വരവിന് ഉതകട്ടെ.

പാസ്റ്റർ എം. സാമുവൽകുട്ടി

## സുവിശേഷ യോഗങ്ങളുടെ സീസൺ

(നാലാം പേജിൽ നിന്ന് തുടർച്ച)

ഉപകരണങ്ങളുടെ പശ്ചാത്തലത്തിൽ ശ്രുതിലയ താളഭാഷാ ശുദ്ധിയോടെ ഗാനങ്ങൾ ആലപിക്കുന്നു. യുവതീയുവാക്കൾ അരങ്ങിലെത്തി. വളരെ നല്ലത്. പക്ഷേ ഇക്കൂട്ടരും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്. സുവിശേഷയോഗങ്ങളിലെ ഗാനശുശ്രൂഷ എന്നത് സെക്കുലർ ഗാനമേളക്ക് തുല്ല്യമായി ചിത്രീകരിക്കരുത്. വേഷവും ഭാഷയും എല്ലാം ആത്മീക ശുശ്രൂഷകർക്ക് യോജിച്ച നിലയിലായിരിക്കണം. സംഗീതശുശ്രൂഷയുടെ സമയം കഴിഞ്ഞാൽ ഉടൻ വേദിയിൽ നിന്ന് പുറത്തുപോകുന്നവരേയും കയ്യിലെ മൊബൈലിൽ മാത്രം ശ്രദ്ധിച്ച് ഇരിക്കുന്നവരേയും കണ്ടിട്ടുണ്ട്. ഇത്തരം പ്രവണത അനാത്മികവും ആ യോഗത്തോടുള്ള അനാദരവിന്റെ പ്രകടഭാവവുമാണ്. സംഗീതശുശ്രൂഷ കഴിഞ്ഞാൽ അടുത്ത് കേൾക്കാൻ പോകുന്ന വചനശുശ്രൂഷയ്ക്കായി അവരും ശ്രദ്ധയോടെ ഒരുങ്ങിയിരിക്കണം. ബൈബിൾ എടുക്കാൻ മടിക്കരുത്, മറക്കരുത്.

അടുത്തതായി വചനശുശ്രൂഷ. അറിവും വാക്ചാതുര്യവും, അവതരണ മികവും ശബ്ദഗാംഭീര്യവും ഫലിതത്തിൽ പൊതിഞ്ഞ വാക്കുകളും ഒക്കെയുണ്ടെങ്കിൽ ആർക്കും പ്രസംഗകനാകാം എന്ന ചിന്ത വചനം ശുശ്രൂഷിക്കുന്ന ഒരു സുവിശേഷ പ്രസംഗകന് അത്ര യോജിക്കണമെന്നില്ല. പ്രസംഗത്തെക്കാൾ ജീവിതമാണ് പ്രധാനമെന്ന് ഗാന്ധിജി ഓർമ്മിപ്പിച്ചു. എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഉറക്കെ പ്രഖ്യാപി ക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആദർശ-ജീവിത ശുദ്ധിയില്ലാത്തവരുടെ പ്രസംഗം ആർക്കുവേണം. കുഷ്ടരോഗി നൽകുന്ന ജിലേബി വാങ്ങാൻ നാം തയ്യാറാകാത്തതുപോലെ സ്വഭാവദാർഡ്യമില്ലാത്ത പ്രസംഗകരുടെ പ്രസംഗം സ്വീകരിക്കുവാൻ ജനങ്ങൾ മടിക്കും. സ്വയം നന്നാകാതെ മറ്റുള്ളവരെ നന്നാക്കാൻ ശ്രമിക്കുന്നതിൽ അർത്ഥമില്ല. ലിയോ ടോൾസ്റ്റോയിയുടെ വാക്കുകൾ ഉദ്ധരിക്കട്ടെ മനുഷ്യരെ നന്നാക്കാൻ ഒരുപാടുപേർ ഓടി നടക്കാറുണ്ട്, സ്വയം നന്നാവാൻ ഒരുക്കമില്ലതാനും. പ്രസംഗത്തോടു നീതി പുലർത്തണമെങ്കിൽ സ്വന്തം ജീവിതത്തിൽ വിശുദ്ധിയും, വിശ്വസ്തതയും ഉണ്ടാകണം പ്രസംഗവേദിയിൽ വ്യാജ പ്രസ്താവനകൾ ഒഴിവാക്കണം, ധാർമ്മികതയ്ക്കും വില കൽപ്പിക്കണം, പണത്തിന്റേയും പെരുമയുടേയും, വിഷയാസ്കതിയുടേയും അടിമകളാകുന്ന പ്രസംഗകർ നിലംപരിശായിട്ടുണ്ട്, സത്യത്തിന്റ സാക്ഷിയായ പ്രസംഗകൻ സത്യത്തിന്റെ കാവൽക്കാരനാകണം.

ദൈവീക നിയോഗം, ആത്മാർത്ഥത സ്വഭാവദാർഢ്യം, ധൈര്യവും, താഴ്മയും, ശക്തമായ പ്രാർത്ഥനാ ജീവിതം, ലാളിത്യം, വചനപരിജ്ഞാനം, ആത്മനിറവ് ആത്മഭാരം, അടിസ്ഥാന പ്രമാണങ്ങളുടെ അടിത്തറ ഒക്കെ ഒരു സുവിശേഷ പ്രസംഗകന് അത്യാവശ്യ ഘടകങ്ങളാണ്. ഒരു വേദിയിൽ നിന്നും അടുത്ത വേദിയിലേക്ക് തിരക്കിട്ടോടുന്നതിനിടയിൽ ഇവയൊന്നും വിസ്മരിക്കാതെ പാലിക്കണം, ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്ന വാക്കുകൾ ശ്രദ്ധേയമാണ്. ഈ സീസണിൽ നടക്കുന്ന ചെറുതും വലുതുമായ സുവിശേഷ യോഗങ്ങളിൽ ആയിരങ്ങൾ അനുഗ്രഹം പ്രാപിക്കട്ടെ എന്ന ആശംസകളോടെ...പ്രാർത്ഥനയോടെ...

## നിത്യതയിൽ

**ന്യൂഡൽഹി:** ലാഡോസരായി ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭാംഗമായ രാധാകൃഷ്ണന്റെ ഭാര്യ കുഞ്ഞുമോൾ (56) ഒക്ടോബർ 26ന് ന്യൂഡൽഹി സഫ്ദർജംഗ് ഹോസ്പിറ്റലിൽ വച്ച് നിത്യതയിൽ ചേർക്കപ്പെട്ടു.

സംസ്കാര ശുശ്രൂഷ ഒക്ടോബർ 28ന് രാവിലെ ബെത്ര ഹോസ്പിറ്റലിന് സമീപമുള്ള സെന്റ് തോമസ് സെമിത്തേരിയിൽ നടന്നു. ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം.സാമുവൽകുട്ടി സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചു.



തിരുവല്ല പെരുംതുരുത്തി കൊങ്കാരച്ചിറയിൽ പരേതരായ മാത്യു- ഏലിയാമ്മ ദമ്പതികളുടെ മകളാണ്.

മകൻ: മനു രാധാകൃഷ്ണൻ.

എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വചനദീപ്തം

# നിഴലും പൊരുളും



പാസ്റ്റർ മനോജ് തമ്പി
മങ്ങാട്

**ചി**ല മാസങ്ങൾക്കുമുൻപ് ഹൈദരാബാദിലുള്ള ഒരു ക്രൈസ്തവ സഭാരാധനയിൽ എന്റെ സുഹൃത്തിനോടൊപ്പം കേരളത്തിൽ നിന്നും ഒരു പ്രഭാഷകനും പങ്കെടുക്കുക ഉണ്ടായി. പ്രസംഗത്തിന് ലഭിച്ച സമയം അപ്പോസ്തലനായ പൗലോസിന്റെ റോമിലേക്കുള്ള യാത്രാ എന്ന വിഷയത്തെ അടിസ്ഥാനമാക്കി അദ്ദേഹം സംസാരിച്ചു. യാത്രാ മദ്ധ്യേ പൗലൊസും കൂട്ടരും മെലീത്ത എന്ന ദ്വീപിൽ എത്തിച്ചേർന്നു. അവിടെ അതികഠിനമായ തണുപ്പായിരുന്നതിനാൽ വിറകുകൂട്ടി തീ കാഞ്ഞുകൊണ്ടിരുന്നു. പൗലോസ് കുറേ വിറകു പെറുക്കി തീയിലിട്ടപ്പോൾ ഒരു അണലി ചൂട് നിമിത്തം പുറത്തുവന്നു. തുടർന്ന് പ്രസംഗകൻ വചനഭാഗത്തെ വ്യാഖ്യാനിച്ചത് സുഹൃത്ത് എന്നോട് വിവരിച്ചു. വിശ്വാസികൾ വിറകുകൾ ആണ്, അവരെ ആരാധനയെന്ന തീയിലേക്കിട്ടാൽ അണലി പുറത്തു വരും. തുടർന്നുള്ള വ്യാഖ്യാന ഭാഗങ്ങൾ വായനക്കാർക്ക് ഊഹിക്കാവുന്നതിലും കൂടുതലാണ്, ഇവിടെയാണ് ബൈബിൾ വ്യാഖ്യാനത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്.

ക്രിസ്തീയ വിശ്വാസത്തിന്റെ മാനദണ്ഡമായ വേദപുസ്തകത്തെ ശരിയായി വ്യാഖ്യാനിക്കാത്തതിനാൽ ദുരുപദേശങ്ങൾ രൂപം കൊള്ളുകയും, തൻമൂലം വ്യക്തികൾ ദിശാബോധം നഷ്ടപ്പെട്ടവരാകുകയും ചെയ്യുന്നു. ക്രൈസ്തവ സഭയെ തകർക്കുന്നത് ശാരീരിക പീഠനമോ, രാഷ്ട്രീയ ശക്തികളോ, സാമ്പത്തിക അരാചകത്വമോ ഒന്നുമല്ല പ്രത്യുത ദുരുപദേശങ്ങളാണ്. ദുരുപദേശങ്ങളെ തിരിച്ചറിയണമെങ്കിൽ ഉപദേശങ്ങളെക്കുറിച്ചുള്ള ശരിയായ അവബോധം നമുക്കുണ്ടാകണം.

മനുഷ്യൻ താൻ കാണുന്ന യഥാർത്ഥ്യങ്ങളേയും, പ്രതിഭാസങ്ങളേയും, വിവിധ നിലകളിൽ മനസിലാക്കുന്നു. ആ മനസിലാക്കലിന് കാരണം, സാഹചര്യങ്ങളെയും, സംഭവങ്ങളെയും സമയത്തേയും മനുഷ്യൻ വ്യാഖ്യാനിക്കുന്നു എന്നതാണ്.

എന്തുകൊണ്ട് വേദപുസ്തക സത്യങ്ങൾ വ്യാഖ്യാനിക്കപ്പെടേണം എന്ന ചോദ്യത്തിന് നിരവധി ഉത്തരങ്ങൾ ഉണ്ട്. അതിൽ പ്രധാനമായത് യേശുവും അപ്പൊസ്തലൻമാരും നമുക്ക് നൽകിയിട്ടുണ്ട്. സുവിശേഷകനായ ഫിലിപ്പൊസ് എത്യോപ്യയിലെ രാജ്ഞിയുടെ ധനകാര്യ മന്ത്രിയുമായി കണ്ടുമുട്ടുമ്പോൾ മന്ത്രി വേദപാരായണത്തിലായിരുന്നു. ഫിലിപ്പൊസിന്റെ ചോദ്യം നീ വായിക്കുന്നത് ഗ്രഹിക്കുന്നുവോ.. മന്ത്രിയുടെ മറുചോദ്യം ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും? (പ്രവൃ. 8.30,31). മന്ത്രിയുടെ മറുചോദ്യത്തിൽ വേദപുസ്തക സത്യങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടതിന്റെ ആവശ്യകത മറഞ്ഞിരിക്കുന്നു. ദൈവവചനത്തിലെ നിഴലുകളും പൊരുളുകളും പൗലോസ് ഉൾപ്പെടെയുള്ള ഗ്രന്ഥകാരന്മാർ നമ്മെ പരിചയപ്പെടുത്തുന്നു. യേശുക്രിസ്തുവും ചില സത്യങ്ങളെ തെളിയിക്കുവാൻ നിഴൽ പൊരുൾ പ്രയോഗങ്ങൾ ഉപയോഗിക്കുന്നു. അത്തി തളിർക്കുമ്പോൾ വേനൽ അടുക്കുന്നതുപോലെ മനുഷ്യ പുത്രന്റെ വരവ് ഉണ്ടാകും (മത്തായി 24:32) എന്നും മണവാളനെ എതിരേൽക്കുവാൻ പുറപ്പെടുന്ന പത്തു കന്യകമാരെ സ്വർഗ്ഗരാജ്യത്തോടും ഉപമിക്കുന്നു (മത്തായി 25:1).

ക്രിസ്തീയ വിശ്വാസത്തിന്റെ മാനദണ്ഡമായ വേദപുസ്തകത്തെ ശരിയായി വ്യാഖ്യാനിക്കാത്തതിനാൽ ദുരുപദേശങ്ങൾ രൂപം കൊള്ളുകയും, തൻമൂലം വ്യക്തികൾ ദിശാബോധം നഷ്ടപ്പെട്ടവരാകുകയും ചെയ്യുന്നു. ക്രൈസ്തവ സഭയെ തകർക്കുന്നത് ശാരീരിക പീഠനമോ, രാഷ്ട്രീയ ശക്തികളോ, സാമ്പത്തിക അരാചകത്വമോ ഒന്നുമല്ല. പ്രത്യുത ദുരുപദേശങ്ങളാണ്. ദുരുപദേശങ്ങളെ തിരിച്ചറിയണമെങ്കിൽ ഉപദേശങ്ങളെ കുറിച്ചുള്ള ശരിയായ അവബോധം നമുക്കുണ്ടാകണം.

എല്ലാറ്റിന്റേയും സംഷിപ്ത രൂപമെന്നവണ്ണം പൗലൊസ് പറയുന്നത് പൂർണ്ണമായതു വരുമ്പോൾ അംശമായത് നീങ്ങിപ്പോകുമെന്നാണ്. ചുരുക്കത്തിൽ നിഴലുകളിൽ മറഞ്ഞിരിക്കുന്ന പൊരുളിനെ പുറത്തെടുക്കുന്ന പ്രക്രിയയാണ് ബൈബിൾ വ്യാഖ്യാനം.

ചിലർ ബോധപൂർവ്വം വചനത്തെ ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. അതിനു കാരണം പൊതുജനത്തിന്റെ കയ്യടി നേടുകയോ, ധനസമ്പാധനമോ, സ്ഥാനമോഹമോ ഒക്കെ ആകാം. ബിലയാം എന്ന പ്രവാചകൻ ബാലാക്ക് രാജാവിന്റെ കൈവശമുണ്ടായിരുന്ന പണത്തെ ലക്ഷ്യമാക്കി ദൈവീക സത്യങ്ങളെ വളച്ചൊടിച്ചു. അനന്തരഫലമായി ഉരിയാടാക്കഴുതയുടെ വായ് ദൈവം തുറന്നു. 70 വർഷം കൊണ്ട് മാത്രമെ യഹൂദയുടെ ബാബേൽ പ്രവാസം തീരുകയുള്ളു എന്നു പ്രവചിച്ച യിരമ്യാവിന് കുണ്ടറവാസവും, ദേഹോപദ്രവവും പ്രതിഫലം കിട്ടിയപ്പോൾ ദൈവീക സന്ദേശത്തെ മാനുഷിക സന്ദേശമാക്കി മാറ്റി ജനത്തിന്റെ ഇഷ്ടപ്രകാരം വ്യാഖ്യാനിച്ച പ്രവാചകർക്ക് ജനസമ്മതി ലഭിച്ചു.

പൗലൊസ് അപൊസ്തലൻ തിമൊഥ്യോസിനെ ഉപദേശിക്കുന്നത് സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്കുക എന്നാണ്. കാരണം യഥാർത്ഥമായി സത്യവചനം പ്രസംഗിക്കാത്തവർ ചിലരുടെ വിശ്വാസത്തെ മറിച്ചു കളയുന്നു, അഭക്തി ഉളവാക്കുന്നു, തർക്കമുണ്ടാക്കുന്നു. സുവിശേഷകനായ ഫിലിപ്പൊസ് ധനകാര്യമന്ത്രിക്ക് വചനം വ്യാഖ്യാനിച്ചു നൽകിയപ്പോൾ തിരുവചന സത്യമായ സ്നാനത്തിലേക്ക് അവർ എത്തിച്ചേർന്നു. വർത്തമാനകാലത്തെ സംഭവങ്ങളേയും, ആളുകളേയും വചനം വ്യാഖ്യാനിക്കുന്നത് അന്ത്യകാല സംഭവങ്ങളായും, മനുഷ്യർ സ്വസ്നേഹികൾ, ദ്രവ്യാഗ്രഹികൾ, നന്ദികെട്ടവർ, അശുദ്ധർ, ഇണങ്ങാത്തവർ, ഭോഗപ്രിയരായി നടന്ന് ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരുമായിട്ടാണ്. ഇന്നത്തെ വിവിധ പ്രശ്നങ്ങൾക്കും, വചനത്തെ ശരിയായി വ്യാഖ്യാനിക്കാത്തതും, വചനത്തിന് മുൻഗണന നൽകാത്തതുമാണ്. വചനാധിഷ്ഠിതമായ ശരിയായ ചിന്തകളിലേക്ക് നമുക്ക് മടങ്ങാം. ദൈവവചനത്തിന് ബന്ധനം ഇല്ലല്ലോ.

(നാലാം പേജിൽ നിന്ന് തുടർച്ച)

# കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക്

ന്റെ സ്വഭാവത്തിൽ നിന്നാണ് പാപപ്രവർത്തികൾ വെളിപ്പെടുന്നത്. സകലവിധമായ ഭയത്തിന്റെയും നിരാശയുടെയും അകാലമരണങ്ങളുടെയും ബുദ്ധിമാന്ദ്യങ്ങളുടെയും സകലവിധ പ്രകൃതിദുരന്തങ്ങളുടേയും കാലാവസ്ഥ വ്യതിയാനങ്ങളുടേയും പകർച്ച വ്യാധികളുടേയും കാരണം മനുഷ്യന്റെ പാപമാണ്. മനുഷ്യർ തമ്മിൽ തമ്മിൽ സ്നേഹിക്കാൻ കഴിയാത്തതിന്റെയും സമാധാനമില്ലായ്മയുടെയും കാരണം പാപം തന്നെ. പാപം മനുഷ്യജീവിതത്തിൽ നിത്യേന വരുത്തി വയ്ക്കുന്ന ദുരന്തങ്ങൾ എത്രയധികമെന്ന് ആർക്കു വിവരിക്കുവാനാകും. പാപത്തിന്റെ ഭാരവും വേദനയും പോലെ ഇത്രയും കഠിനമായത് വേറെ ഒന്നുമില്ല. ഈ പാപത്തിൽ നിന്ന് മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ കഴിയുന്ന ഏക രക്ഷിതാവിനെ പരിചയപ്പെടുത്തുകയാണ് എന്റെ ലക്ഷ്യം.

എന്തുകൊണ്ടും മനുഷ്യവർഗ്ഗം നേരിടുന്ന ഗുരുതരവും സകലമനുഷ്യരെയും ഒരേ പോലെ ബാധിച്ചിരിക്കുന്നതുമായ പ്രശ്നം പാപമാണ്. ജാതിമതവർഗ്ഗ വർണ്ണവ്യത്യാസമില്ലാതെ എല്ലാവരിലും പാപം ഉണ്ട്. അതിനാൽ പാപമോചനം ആവശ്യമാണെന്ന കാര്യത്തിൽ ജാതിമത വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരേപോലെ ആവശ്യമാണ്. വായുവിനും വെള്ളത്തിനും ഭക്ഷ്യധാന്യങ്ങൾക്കും ജാതിയും മതവുമില്ല എന്നതുപോലെ പാപം പിടിപെടുന്ന കാര്യത്തിലും ജാതിയും മതവുമില്ല. അതിനാൽ പാപമോചനവും ജാതിമത സംഘടനകളുടെ പേരിൽ നടക്കുകയില്ല.

ഭൂമിയിലെ എല്ലാമത സംഘടനകളിലെയും പ്രസംഗവിഷയവും പഠനവിഷയവും പ്രധാനമായും പാപം എങ്ങനെ പരിഹരിക്കാം എന്ന വിഷയത്തെ കേന്ദ്രീകരിച്ചുള്ളതാണ്. എന്നാൽ പാപമോചനം ഉറപ്പാക്കാൻ കഴിയുന്ന ഒരു ഉപദേശം യാതോരു മതനേതാക്കന്മാരിൽ നിന്നും കേൾക്കുവാൻ ഇന്നയോളം കഴിഞ്ഞിട്ടില്ല. എന്നാൽ ഈ പുസ്തകം വായിച്ചു തീരുമ്പോൾ പാപമോചനം ലഭിച്ചു എന്ന് ഉറപ്പാക്കുവാൻ കഴിയും. പാപമോചനം ആഗ്രഹിക്കുന്ന എല്ലാവർക്കും അതു ലഭിക്കു ന്നതാണെന്നും ഈ പുസ്തകം വായിക്കുന്ന എല്ലാവർക്കും ബോധ്യമാകും.

മനുഷ്യജീവിതത്തിലെ ഏറ്റവും വലിയ ഭാരം പാപത്തിന്റെ ഭാരമാണ്.ഈ ഭാരം കുടഞ്ഞുകളഞ്ഞാൽ പോകുന്നതല്ല. വെള്ളത്തിൽ കഴുകിയാലും തീയിൽ ചാടിയാലും പോകുന്നതല്ല. ഈ പാപഭാരച്ചുമട് ഒന്ന് ഇറക്കി വയ്ക്കാൻ വേണ്ടി മനുഷ്യർ ചെയ്യുന്ന അദ്ധ്വാനംപോലെ കാഠിന്യമേറിയതും ദീർഘകാലം അദ്ധ്വാനിച്ചാലും ഫലമില്ലാത്തതുമായ അദ്ധ്വാനം വേറെയില്ല.

**പാപത്തിന്റെ ദുരന്ത ഫലം മരണം കൊണ്ടും തീരുന്നില്ല**

പാപിയായ ഏതൊരു മനുഷ്യനും പാപത്തിന്റെ അധികാ രിയാകുന്ന സാത്താന്റെ അധീനതയിലാണ് ജീവിക്കുന്നത്. ഈ ലോകത്തിൽ ജനിക്കുന്ന എല്ലാ മനുഷ്യരും പാപികളാണ്. അവരുടെ രക്തത്തിൽ പാപസ്വഭാവം കലർന്നിരിക്കുന്നു. ഈ ലോകത്തിൽ ആദ്യം സൃഷ്ടിക്കപ്പെട്ട മനുഷ്യനായ ആദാമും ഹവ്വായുമാണ് ആദ്യം പാപത്തിൽ വീഴുന്നത്. ഏദൻതോട്ടത്തിൽ ആദാമും ഹവ്വായും സന്തോഷത്തോടെ വസിക്കുന്നകാലം ഹവ്വാ തനിച്ചായിരുന്ന സമയം സർപ്പം (സാത്താൻ) ഹവ്വായെ സമീപിച്ച് ഏദൻതോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന നന്മതിന്മകളുടെ തിരിച്ചറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുവാൻ പ്രേരിപ്പിച്ചു. ഈ വൃക്ഷത്തിന്റെ ഫലം തിന്നരുത് എന്നും തിന്നാൽ നിങ്ങൾ മരിക്കുമെന്നും ദൈവം പറഞ്ഞി ട്ടുണ്ടായിരുന്നു. എന്നാൽ സർപ്പത്തിന്റെ വാക്കുകേട്ട് ദൈവം തിന്നരുത് എന്ന് പറഞ്ഞ വൃക്ഷഫലം ഹവ്വാ തിന്നു. ആദം വന്നപ്പോൾ ആദാമിനും പഴം കൊടുത്തു ആദാമും പഴം തിന്നു. ദൈവത്തിന്റെ വചനം ലംഘിച്ച് സർപ്പത്തിന്റെ (സാത്താന്റെ) വാക്ക് അനുസരിച്ചതി നാൽ ആദാമും ഹവ്വായും പാപികളായി. അവരുടെ രക്തത്തിൽ പാപസ്വഭാവം കലർന്നു. പിശാചിന്റെ (സാത്താന്റെ)സ്വാധീനത്തിലും അധികാരത്തിലും ആയിത്തീർന്നു. ദൈവത്തോടുള്ള സ്നേഹവും നഷ്ടമായി. ഈ ആദാമിന്റെയും ഹവ്വായുടെയും സന്തതിപരമ്പരകളാണല്ലോ ഈ ഭൂമിയിൽ ഇന്നുവരെയും ജനിച്ചിട്ടുള്ള വരും ഇനി ജനിക്കാനിരിക്കുന്ന വരുമായ സകല മനുഷ്യരും ആദാം പാപം ചെയ്പ്പോൾ ഈ ആദാമിൽ സകലമനുഷ്യരും ഉണ്ടായിരുന്നു. ആദാമിൽ നിന്നാണല്ലോ സകലമനുഷ്യരും ഉണ്ടായത്. ഈ പാപം മനുഷ്യരിൽ നിന്നും നീങ്ങിപ്പോകണം. ഇതാണ് എല്ലാ മനുഷ്യരുടെയും ആവശ്യവും അത്യാവശ്യവും. ഈ പാപത്തിൽ നിന്ന് മോചനം പ്രാപിക്കാതെ മരിച്ചാൽ ഒരിക്കലും അവസാനിക്കാത്ത നിത്യനരകാഗ്നിയിൽ ചെന്നുപതിക്കും. കോടി കോടി വർഷം കഴിഞ്ഞാലും ഈ നരകത്തിൽ നിന്ന് കരകയറുവാൻ ആർക്കും കഴിയുകയില്ല.

ആകയാൽ പാപമോചനം ഈ ലോകത്തിലെ സന്തോഷ പൂർണ്ണമായ ആരോഗ്യകരമായ ജീവിതത്തിനു മാത്രമല്ല മരണാനന്തരം ദൈവരാജ്യത്തിൽ നിത്യസന്തോഷം അനുഭവിക്കണമെങ്കിലും നിർബന്ധമായും ഇവിടെവച്ചു തന്നെ പാപമോചനം പ്രാപിക്കണം. തീർച്ചയായും പാപം മോചിച്ചുകിട്ടിയിരിക്കുന്നുയെന്ന് ഉറപ്പു പ്രാപിക്കുക. അതുവരെ നിങ്ങളുടെ ചിന്ത മറ്റൊരു വഴിയിലേക്ക് തിരിയരുത്. കാരണം മനുഷ്യന്റെ മരണം എപ്പോഴാണെന്ന് അറിഞ്ഞുകൂടാ മരിക്കുന്നതിനു മുമ്പ് തീർച്ചയായും പാപമോചനം പ്രാപിക്കണം. പാപമോചനത്തിന് എന്തിന് അധികനാൾ കാത്തിരിക്കേണം. ദൈവവചനം ഹൃദയത്തിൽ പതിയുകയും ഗ്രഹിക്കുകയും ചെയ്യുന്ന നിമിഷം തന്നെ പ്രാപിക്കാം (ലൂക്കൊ. 8:15).

*(ലേഖകന്റെ ഉടൻ പ്രസിദ്ധീകരിക്കുന്ന "കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക് (രക്ഷ: എന്ത്?, എന്തിന്?, എങ്ങനെ?)" എന്ന പുസ്തകത്തിൽ നിന്നും എടുത്ത ഒരു ലേഖനം.)*

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

NEWSPAPER REGN. No. 65362/97
POSTAL REGN.NO. DL 07/0138/15 - 17
Date of Publication - 5th November 2016
Date of Posting - 7th & 8th of every month
Total Number of pages : 4

Tel : 91 9810084388, e-mail : icm4india@yahoo.com, website- www.indianchristianmission.com

Price Rs. 3/-

# കൂരിരുളിൽ നിന്ന് അത്ഭുത പ്രകാശത്തിലേക്ക്



**പാസ്റ്റർ കുര്യാച്ചൻ**
**തൊടുപുഴ**

പാപവിമുക്തവും രോഗവിമുക്തവും ശാപവിമുക്തവും ആരോഗ്യവും ദീർഘായുസ്സുമുള്ള ജീവിതം ആഗ്രഹിക്കാത്തവർ ആരും ഉണ്ടായിരിക്കുകയില്ല. എന്നാൽ തീർച്ചയായും മനസ്സു വയ്ക്കുന്നുവെങ്കിൽ നമുക്ക് ആർക്കുവേണമെങ്കിലും ഇപ്രകാരമുള്ള ഭാഗ്യകരമായ ജീവിതം നയിക്കുവാൻ കഴിയും. അങ്ങനെ കൂരിരുളിൽ നിന്നും ദൈവത്തിന്റെ അത്ഭുത പ്രകാശത്തിലേക്ക് പ്രവേശിക്കുവാൻ ദൈവം നമ്മെ ഓരോരുത്തരെയും പേരു ചൊല്ലി വിളിക്കുന്നു. *നേരോടെ നടക്കുന്നവർക്ക് ദൈവം ഒരു നന്മയും മുടക്കുകയില്ല സങ്കീ. 84.11.*

മനുഷ്യർ അനുഭവിക്കുന്ന സകലവിധമായ ദുഖദുരിതങ്ങളുടെയും കാരണം അവരിലെ പാപമാണ്. യേശുക്രിസ്തു ലോകത്തിൽ വന്നത് സകല മനുഷ്യരേയും അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയാണ്. അഥവാ പാപം നീങ്ങുമ്പോൾ പാപത്തിന്റെ സകലവിധമായ ദോഷങ്ങളിൽ നിന്ന് മനുഷ്യർ രക്ഷ പ്രാപിക്കുന്നു.

**ഈ രക്ഷ ദൈവം സൗജന്യമായി നമുക്ക് തരുന്നു.**

പാപസ്വഭാവത്തിൽ നിന്നും ദൈവസ്വഭാവത്തിലേക്ക് സാത്താന്റെ അധികാരത്തിൽ നിന്നും യേശുക്രിസ്തുവിന്റെ അധികാരത്തിലേക്ക് നിരാശയിൽ നിന്നും പ്രത്യാശയിലേക്ക് മരണത്തിൽ നിന്നും നിത്യജീവിതത്തിലേക്ക് സകല രോഗങ്ങളിൽ നിന്നും സകല വ്യാധികളിൽ നിന്നും പൂർണ്ണ സൗഖ്യത്തിലേക്ക് വെറുപ്പിൽ നിന്നും സ്നേഹത്തിലേക്ക് ശാപത്തിൽ നിന്നും അനുഗ്രഹത്തിലേക്ക് ബലഹീനതയിൽ നിന്നും ദൈവത്തിന്റെ ബലത്തിലേക്ക് നരകശിക്ഷയിൽ നിന്നും സ്വർഗ്ഗഭാഗ്യത്തിലേക്ക് അഹങ്കാരത്തിൽ നിന്നും എളിമയിലേക്ക് ലോകപ്രിയത്തിൽ നിന്നും ദൈവപ്രിയത്തിലേക്ക്, സകലവിധ സങ്കടങ്ങളിൽ നിന്നും സന്തോഷത്തിലേക്ക്, വീഴ്ചയിൽ നിന്നും ഉയർച്ചയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന ഏവരും വളരെ താല്പര്യപൂർവ്വം ഈ പുസ്തകം വായിക്കുക. ഈ പറയുന്ന കാര്യങ്ങളൊന്നും പണം കൊടുത്തു വാങ്ങിക്കുവാൻ കഴിയുന്നതല്ല. ആഗ്രഹിക്കുന്നവർക്ക് ദൈവം സൗജന്യമായി തരുന്നതാണ്. ദൈവത്തിന്റെ വചനം ഒരു മനുഷ്യന്റെ ഉള്ളിൽ വരുമ്പോൾ സംഭവിക്കുന്നതാണ്. ഈ നന്മകൾ എല്ലാം അനുഭവിക്കുന്നതിന് പ്രത്യേകം യോഗ്യത ആവശ്യമില്ല. എത്ര താഴ്ന്ന ജാതിക്കാരനായാലും എത്രഉയർന്ന ജാതിക്കാരനായാലും ഇടത്തരം ജാതിക്കാരനായാലും എത്ര വിദ്യാവിഹീനനായാലും എത്ര വിദ്യാഭ്യാസ യോഗ്യതയു ണ്ടെങ്കിലും ഇടത്തരം വിദ്യഭ്യാസമാണെങ്കിലും എത്ര കുറച്ച് പാപം ചെയ്ത് ജീവിക്കുന്നവരായാലും എത്രയും അധികം പാപം ചെയ്തു ജീവിക്കുന്നവരായാലും ഈ ലോകത്തിലെ ഏറ്റവും ഹീനനായ പാപിയാണെങ്കിലും ദൈവത്തിന്റെ വചനം ഒരേപോലെയാണ് എല്ലാവരോടും ഇടപെടുന്നത്. ആര് ദൈവവചനം താല്പര്യപൂർവ്വം ഏറ്റെടുക്കുവാൻ തയ്യാറാകുന്നുവോ അവരുടെ ജീവിതത്തിൽ മുകളിൽ പറഞ്ഞ എല്ലാ നല്ലഫലങ്ങളും വെളിപ്പെടും നിശ്ചയം. ദൈവം നിങ്ങളെ ധാരാളമായി അനുഗ്രഹിക്കട്ടെ.

> **മനുഷ്യർ അനുഭവിക്കുന്ന സകലവിധമായ ദുഖ-ദുരിതങ്ങളുടെയും കാരണം അവരിലെ പാപമാണ്. യേശുക്രിസ്തു ലോകത്തിൽ വന്നത് സകല മനുഷ്യരേയും അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുന്നതിനു വേണ്ടിയാണ്. അഥവാ പാപം നീങ്ങുമ്പോൾ പാപത്തിന്റെ സകലവിധമായ ദോഷങ്ങളിൽ നിന്ന് മനുഷ്യർ രക്ഷ പ്രാപിക്കുന്നു**

**മനുഷ്യജീവിതത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നം പാപം**

മനുഷ്യന്റെ വിലയേറിയ ജീവിതത്തെ താറുമാറാക്കുന്ന ഏകവിഷയം പാപം തന്നെ. അതിനാൽ പാപത്തിൽ നിന്നുള്ള മോചനം തന്നെയാണ് മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യവും. ഓരോ മനുഷ്യന്റെയും സ്വഭാവത്തിലെ പാപത്തിന്റെ കുടുതലും കുറവും അനുസരിച്ച് പാപത്തിന്റെ ഫലങ്ങൾക്കും കൂടുതലും കുറവും ഉണ്ട്. പാപത്തിന്റെ ഉടമസ്ഥൻ സാത്താനാണ്(പിശാച്) സാത്താ

(ശേഷം രണ്ടാം പേജിൽ)

ഉറവ

# ഇനി ഇത് സുവിശേഷ യോഗങ്ങളുടെ സീസൺ



**ഇവാ. ജോൺ സാമുവൽ**
**മണക്കാല**

**സം**ഘടനാ വ്യതാസമെന്യേ മിക്ക സഭാവിഭാഗങ്ങളും അവരവരുടെ ലേബലിൽ ആത്മീക സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്. സഭയ്ക്കുള്ളിലെ യോഗങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായി സഭാസംഘടനകൾ നടത്തുവാൻ പോകുന്ന ജനറൽ/മേഖലാ/ഡിസ്ട്രിക്/സെന്റർ/സെക്ഷൻ കൺവെൻഷനുകൾ അതതു സംഘടനകളിലെ ശുശ്രൂഷകരും വിശ്വാസികളും ഒരുമിച്ചു കൂടുന്നതിന് വേദിയാകുന്നു. പലനാളുകൾക്ക് ശേഷം ആ സംഘടനകളിലെ ശുശ്രൂഷകരും, സുവിശേഷ വേലക്കാരും, പാസ്റ്റേഴ്സും, മിഷണറിമാരും വിവിധ പ്രാദേശിക സഭാവിശ്വാസികളും പരസ്പരം കാണുവാനും, പരിചയപ്പെടുവാനും, പ്രവർത്തനങ്ങളെക്കുറിച്ച് അറിയുവാനും, വിലയിരുത്തുവാനും ഒരുമിച്ച് ആരാധിക്കുവാനും ഒക്കെ ഈ യോഗങ്ങൾ മുഖാന്തിരമാകുന്നു എന്നത് ശ്ലാഘനീയമാണ്. "ദൈവം അനുവദിച്ചാൽ വീണ്ടും കാണാം" എന്നു പറഞ്ഞു കൈകൊടുത്ത് പിരിയുമ്പോൾ ശുഭ പ്രതീക്ഷകളുടെ തിളക്കം കണ്ണുകളിൽ ദൃശ്യമാണ്.

പക്ഷേ ഇപ്രകാരമുള്ള ഓരോ ആത്മീക സമ്മേളനങ്ങളും വെറും ഉത്സവങ്ങളായി തീരരുത്. പല ലക്ഷങ്ങൾ മുടക്കി നടത്തുന്ന ഇത്തരം യോഗങ്ങൾ പാഴ്ചിലവുകളായി തീരരുത്. ദൈവം നല്കുന്ന സാമ്പത്തികം അനാവശ്യ ആർഭാടങ്ങൾക്കായി ചിലവഴിക്കാതെ കഴിവതും സ്വരൂപിച്ചാൽ അത് സഭകളുടെ പൊതുവായ പലകാര്യങ്ങൾക്കും ഉപയോഗിക്കുവാൻ സാധിക്കും.

സ്വന്തമായി വസ്തുവോ ആരാധനയ്ക്കുള്ള കെട്ടിടങ്ങളോ ശ്മശാന സ്ഥലങ്ങളോ ഇല്ലാത്ത എത്രയോ പ്രാദേശിക സഭകൾ ഉണ്ട്. പരമാവധി ചിലവ് ചുരുക്കി യോഗങ്ങൾ നടത്തി വിജയിപ്പിക്കുവാൻ ശ്രമിക്കുക. 'പലതുള്ളി പെരുവെള്ളം' എന്ന പഴഞ്ചൊല്ലുപോലെ സ്വരുക്കൂട്ടുന്ന പണം ഒരുമിച്ച് ചേർത്ത് ഒരു നല്ല തുകയാകുമ്പോൾ സഭയുടെ അത്യാവശ്യമായി വേണ്ടുന്ന അടിസ്ഥാന കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ സാധിക്കും. കുട്ടികളുടെ വിദ്യാഭ്യാസം, വീടില്ലാത്തവർക്കുവീട്, സ്വന്തമായി ഒരു തുണ്ടു ഭൂമിയില്ലാത്തവർക്ക് അല്പ്പം വസ്തു വാങ്ങാനുള്ള ചെറിയൊരു സഹായം, വിവാഹസഹായം, സഭാഹാളിന്റെ പണികൾ, ശ്മശാന ഭൂമിയുടെ ക്രമീകരണം എന്നിങ്ങനെ സഭയോടു ബന്ധപ്പെട്ട പലകാര്യങ്ങളും ചെയ്യുവാൻ സഭ ഒരുമിച്ച് പ്രയത്നിച്ചാൽ സാധിക്കും. പരസ്യങ്ങൾക്കും മറ്റു പല സജ്ജീകരണങ്ങൾക്കും വേണ്ടി ചിലവഴിക്കുന്ന സാമ്പത്തികത്തിന്റേയും, സമയത്തിന്റേയും അദ്ധ്വാനത്തിന്റെ പ്രയോജനം യഥാർത്ഥത്തിൽ സഭയ്ക്ക് ലഭിക്കുന്നുണ്ടോ എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. പതിവു സമ്മേളനങ്ങളിൽ നിന്നും വ്യത്യസ്തമായി സുവിശേഷീകരണ പദ്ധതികൾ പ്രാർത്ഥനയോടെ ക്രമീകരിക്കണം.

ഇനിയൊരു 'സീസൺ' ആണ്. സുവിശേഷ യോഗങ്ങളുടെ. അതിൽ പ്രധാനപ്പെട്ട രണ്ടു ശുശ്രൂഷകൾ ആണ് മുഖ്യമായും നടക്കുന്നത്. ഒന്ന് വചന ശുശ്രൂഷ രണ്ട് സംഗീത ശുശ്രൂഷ. അതിനു മുൻപ് ഒരു കാര്യം കൂടി പറഞ്ഞു കൊള്ളട്ടെ. യോഗം ലീഡ് ചെയ്യുന്നവരും ഉച്ചഭാഷിണിയിലൂടെ പ്രാർത്ഥിക്കുന്നവരും ഒക്കെ വളരെ ശ്രദ്ധിക്കണം കാര്യമാത്രപ്രസക്തമായ വാക്കുകൾ പക്വതയോടെ ഉപയോഗിച്ച് സംസാരിക്കണം. കേൾവിക്കാർക്ക് അരോചകത്വം ഉണ്ടാകുന്ന നിലയിൽ കൃത്യനിഷ്ഠയോ, സമയപാലനമോ ഇല്ലാതെ വലിച്ചുനീട്ടി സംസാരിക്കരുത്. ലീഡു ചെയ്യുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും അമിതമായ ആവേശ പദങ്ങൾ ആക്രോശിച്ച് അതിരു കടന്ന് പോകരുത്. ഒരു യോഗത്തിന്റെ അവസാന സമയം വളരെ ശ്രദ്ധേയമാണ്. ആശീർവാദ സമയം അത് പറയുന്ന വ്യക്തികൾ തെറ്റു കൂടാതെ ശാന്തമായി വ്യക്തമായി പറയുവാൻ പഠിക്കണം, ശ്രദ്ധിക്കണം..

ഇനി മുൻപ് പറഞ്ഞതുപോലെ സുവിശേഷയോഗങ്ങളിലെ പ്രധാന രണ്ടു ശുശ്രൂഷകൾ ആണ് വചന ശുശ്രൂഷയും സംഗീതശുശ്രൂഷയും. അതിൽ സംഗീത ശുശ്രൂഷയെക്കുറിച്ചുതന്നെ ആദ്യം പറയാം. ക്രൈസ്തവ ശുശ്രൂഷയിൽ സംഗീതത്തിന് ഗണനീയമായ ഒരു സ്ഥാനം തന്നെയുണ്ട്. വിശുദ്ധ ബൈബിളും സംഗീതത്തിന് ഉദാത്തമായ ഒരു സ്ഥലം കല്പ്പിക്കുന്നുണ്ട്. കേരള പെന്തക്കൊസ്തിന്റെ ആദ്യനാളുകളിൽ സുവിശേഷ യോഗങ്ങളിൽ കർത്തൃദാസന്മാർ വെള്ള വസ്ത്രം ധരിച്ച് വേദിയിൽനിന്ന് കൈകൾ അടിച്ച് ഉച്ചത്തിൽ ആഴമേറിയ, അർത്ഥമുള്ള, അനുഭവത്തിന്റെ വെളിച്ചത്തിൽ ഈണംപകർന്ന ഗാനങ്ങൾ പാടി ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കിയിരുന്നു. അത് ഏറ്റേറ്റു പാടിയ വിശ്വാസികൾ ആത്മനിറവിൽ അന്യഭാഷയിൽ ദൈവത്തെ ആരാധിക്കുകയും ചെയ്തിരുന്നു. പിൽക്കാലത്ത് വിവിധ വാദ്യോപകരണങ്ങൾ ക്രമേണ രംഗത്തെത്തി. ഇന്ന് അത്യാധുനിക സംഗീത

(ശേഷം രണ്ടാം പേജിൽ)


## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

### സിൽവർ ജൂബിലി നിറവിൽ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്-ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. ഐ.സി.എം. അക്കാദമികൾ (ബീഹാർ)
5. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
6. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
7. വിശ്വാസി പബ്ളിക്കേഷൻസ്
8 മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി), പ്രേമമാധുരി (തെലുങ്ക്)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി (80ജി) ഇളവ് ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

**INDIAN CHRISTIAN MISSION**
**Flat no 101, A-Block, First Floor, 96/E,**
**Ward No: 2, Mehrauli, New Delhi-110030**
**E-mail: icm4india@yahoo.com, Website: www.indianchristianmission.com**


*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*